LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എൻ.ജി.ഒ.-കൾ നടത്തുന്ന സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ഇവർക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകുന്നുണ്ട്. അന്തേവാസികൾക്ക് ഭക്ഷണം, വസ്ത്രം എന്നിവയ്ക്ക് 2000 രൂപ വീതവും മരുന്നിന് 1000 രൂപയും നൽകിവരുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ നടപ്പിലാക്കിയിട്ടുണ്ട്. 2013-ൽ ആരംഭിച്ച വയോമിത്രം പദ്ധതി പ്രകാരം മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ താമസക്കാരായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും ആംബുലൻസ് സേവനവും പാലിയേറ്റീവ്, ഹോംകെയർ സേവനങ്ങളും നൽകിവരുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യ പരിപാലനത്തിനായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് വയോഅമൃതം എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 (കേന്ദ്ര നിയമം) അനുസരിച്ച് സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മൂന്നുമാസത്തിലൊരിക്കൽ ഗവൺമെന്റ് വൃദ്ധസദന സൂപ്രണ്ടുമാരുടെ റിവ്യൂ മീറ്റിംഗ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നടത്തുന്നുണ്ട്.

(സി) നിലവിൽ പരാതികൾ കൈകാര്യം ചെയ്യുന്നതിന് മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്.

## വികലാംഗർക്ക് നിയമനം

281 (3488) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ.പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നിയമനം നൽകാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എന്നാൽ 16-8-1999-നും 31-12-2003-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തീകരിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും പ്രസ്തുത തസ്തികകളിൽ നിയമനം നൽകി വരികയും ചെയ്യുന്നു. കൂടാതെ 1994-നും 1996-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെയും സ്ഥിര/പുനർ നിയമനത്തിന് പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മാതാപിതാക്കൾ മരിച്ചുപോയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

282 (3489) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലും ഒരാളോ, രണ്ടുപേരുമോ മരണമടഞ്ഞ കേസുകളിൽ അവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്നു അറിയിക്കുമോ; ഈ ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) മേൽ പറഞ്ഞ കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായവരായുണ്ടെന്ന് അറിയിക്കുമോ; ഇവർക്ക് ഏതു വർഷം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly